# പത്ത്
# സുപ്രധാന മര്യാദകൾ

## ശൈഖ് സ്വാലിഹ് ബ്നു അബ്ദില്ല അൽ ഉസൈമി
( حَفِظَهُ اَللَّهُ )




അനസ് അലി ബിൻ അബ്ദിറഹ്മാൻ
( وَفَّقَهُ اللّٰه )

بسم الله الرحمن الرحيم

# الآدَابُ العَشرة

# പത്ത്
# സുപ്രധാന മര്യാദകൾ


## ശൈഖ് സ്വാലിഹ് ബ്നു അബ്ദില്ല അൽ ഉസൈമി
( حَفِظَهُ اَللَّهُ )

## അനസ് അലി ബിൻ അബ്ദിറഹ്മാൻ
( وَفَّقَهُ اللّٰه )

**സഹോദരാ നീ അറിയുക**
**الله سبحانه وتعالى**
**എന്നെയും താങ്കളെയും ഏറ്റവും നല്ല സ്വഭാവ ഗുണങ്ങളിലേക്ക് വഴിനടത്തുമാറാകട്ടെ**
**ഇസ്ലാമിക മര്യാദകളിൽ അതി മഹത്തരമായത് പത്ത് കാര്യങ്ങളാകുന്നു.:**

**الأول :** إذا لقيتَ مسلما فسلّم عليه، قائلا (السلام عليكم ورحمة الله وبركاته) وإن سلّم عليك فقل (وعليكم السلام ورحمة الله وبركاته).

**ഒന്ന് :** നീ ഒരു മുസ്ലിമിനെ കണ്ടുമുട്ടിയാൽ السلام عليكم ورحمة الله وبركاته എന്ന് പറഞ്ഞുകൊണ്ട് അവനോടു സലാം പറയുക. ആദ്യം അവനാണ് സലാം പറഞ്ഞതെങ്കിൽ وعليكم السلام ورحمة الله وبركاته എന്ന് നീ തിരിച്ചു പറയുക.

**الثاني :** إذا أردتَ الدخولَ على أحدٍ فاستأذن ، واقِفا عن يمين الباب أو يساره، فإن أذِن لك دخلتَ، وإن قيل لك: ارجعْ ، فارجعْ

**രണ്ട്** : നീ വല്ലവരുടെയും അടുത്ത് പ്രവേശിക്കാൻ ഉദ്ദേശിച്ചാൽ അവന്റെ വാതിലിന്റെ വലതുവശത്തോ ഇടതു വശത്തോ നിന്നുകൊണ്ട് അവനോട് അനുമതി ചോദിക്കുക. അനുമതി ലഭിച്ചാൽ കയറി കൊള്ളുകയും അനുമതി നിഷേധിക്കപ്പെട്ടാൽ മടങ്ങുകയും ചെയ്യുക.

**الثّالث** : سمِّ اللهَ في ابتداء أكلِك وشربِك قائلاً : (بسم الله)، وكُلْ بيمينك، وكُلْ مما يليك، وإذا فرغتَ فالعق أصابِعَك، وقل : (الحمد لله).

**മൂന്ന്** : ഭക്ഷിക്കുന്നതിനും കുടിക്കുന്നതിനും മുൻപ് بسم ٱللَّهِ എന്ന് നീ പറയുക. വലതു കൈകൊണ്ട് ഭക്ഷിക്കുകയും നിന്റെ അരികിൽ ഉള്ളത് ഭക്ഷിക്കുകയും ചെയ്യുക. ഭക്ഷണം കഴിക്കുന്നതിൽ നിന്ന് വിരമിച്ചാൽ നിന്റെ വിരലുകളിൽ പറ്റിയ ഭക്ഷണാവശിഷ്ടങ്ങൾ വൃത്തിയായി കഴിക്കുകയും. പിന്നീട് الحمد لله എന്ന് പറയുകയും ചെയ്യുക.

**الرّابع** : تكلّم بطيّب القول في خير، واخْفض صوتك، مُتَمهِّلا في حديثك، وأنْصِتْ لمن كلّمك، مقبلا عليه، ولا تُقاطِعه، و تتقَدّم بين يدي الأكبر بالكلام.

**നാല്** :നന്മയിൽ നീ നല്ല വാക്കുകൾ കൊണ്ട് സംസാരിക്കുക. സംസാരത്തിൽ അവധാനത പാലിക്കുകയും ശബ്ദം താഴ്ത്തുകയും ചെയ്യുക. നിന്നോട് സംവദിക്കുന്നവർക്ക് അഭിമുഖമായി നിലകൊള്ളുകയും അവരുടെ സംസാരം മൗനമായി കേൾക്കുകയും ചെയ്യുക. ഇടയിൽ കയറി സംസാരിക്കുകയും മുതിർന്നവരാണെങ്കിൽ സംസാരത്തിൽ അവരെ ധിക്കാരപൂർവ്വം മുൻകടക്കുകയും ചെയ്യരുത്.

**الخامس** : إذا أَتَيتَ مَضجَعَك فتوضأ، ونم على شِقِّك الأيمن، واتل آية الكرسي مرّةً، واجمع كفّيك، واقرأ فيهما سورة الإخلاص والمعوّذتين، وانفُث فيهما، وامسح بهما ما استطعت من جسدك، تفعل ذلك ثلاثًا.

**അഞ്ച്** : നീ കിടപ്പറയിലെത്തിയാൽ വുളൂഅ് ചെയ്യുക. ശേഷം ആയത്തുൽ കുർസിയ്യ് പാരായണം ചെയ്യുക എന്നിട്ട് മുൻ കൈ രണ്ടും ചേർത്തു വെക്കുകയും സൂറത്തുൽ ഇഖ്‌ലാസും സൂറത്തുൽ ഫലഖും സൂറത്തുന്നാസും പാരായണം ചെയ്ത് അതിൽ (മുൻകൈയിൽ)ഊതുകയും സാധിക്കാവുന്ന ശരീര ഭാഗങ്ങളിൽ തടവുകയും ചെയ്യുക. ഇപ്രകാരം മൂന്ന് തവണ ആവർത്തിച്ചതിനു ശേഷം വലതു വശം ചേർന്ന് ഉറങ്ങുക.

السّادس : إذا عطستَ فغطِّ وجهك بيدك أو بثوبك واحمدِ الله ، فإن شمّتْك أحدٌ فقال : (يرحمك الله)
فقل :( يهديكم الله ويُصلح بالكم.)

**ആറ്** : നീ തുമ്മിയാൽ നിന്റെ മുഖം നിന്റെ കൈ കൊണ്ടോ നിന്റെ വസ്ത്രം കൊണ്ടോ മറച്ച് പിടിക്കുക. എന്നിട്ട് الحمد لله എന്ന് പറയുക.
ഇനി വല്ലവനും يرحمك الله(അല്ലാഹു നിനക്ക് കാരുണ്യം ചൊരിയട്ടെ.) എന്ന് പറഞ്ഞു കൊണ്ട് നിന്നെ അനുമോദിച്ചാൽ അപ്പോൾ يهديكم الله ويصلح بالكم (അല്ലാഹു നിങ്ങൾക്ക് ഹിദായത്ത് നൽകുകയും നിങ്ങളുടെ കാര്യങ്ങൾ ശരിയാക്കി തരികയും ചെയ്യട്ടെ.) എന്ന് തിരിച്ച് പറയുക.

السّابع : رُدّ التثاؤب ما استطعت، وأمسك بيدك على فيك،
ولا تقل : (آه آه).

**ഏഴ്** : കോട്ടുവായെ നിന്റെ കഴിവിന്റെ പരമാവധി നീ തടുക്കുക. കൈ കൊണ്ട് വായിൽ മുറുകെ പിടിക്കുക. ആഹ് ആഹ് എന്ന ശബ്ദം പുറപ്പെടുവിക്കാതിരിക്കുക.

**الثّامن** : إذا انتهيت إلى مجلسٍ فسلِّم، واجلس حيث ينتهي المجلس، ولا تجلس بين الشمس والظِّلّ، ولا تفرِّق بين اثنين إلا بإذنهما، ولا تقم أحدًا من مجلسه، وٱفسح لمن دخل، وٱذكر الله فيه، وأقلّه كفّارته، فتقول :

سبحانك اللهم وبحمدك أشهد أن لا إله إلا أنت، أستغفرك وأتوب إليك.

**എട്ട്** : ഒരു സദസ്സിലേക്ക് നീ ചെന്നാൽ അവിടെ സലാം പറയുക. പിന്നീട് ആ സദസ്സ് അവസാനിക്കുന്നിടത്ത് നീ ഇരുന്നു കൊള്ളുകയും ചെയ്യുക. വെയിലിനും തണലിനും ഇടയിൽ നീ ഇരിക്കരുത്. സദസ്സിലുള്ള രണ്ടാളുകൾക്കിടയിൽ അവരുടെ അനുമതി കൂടാതെ നീ വിടവ് ഉണ്ടാക്കരുത്. ഒരാളേയും അവന്റെ ഇരിപ്പിടത്തിൽ നിന്ന് നീ എഴുന്നേൽപ്പിക്കരുത്. ആ സദസ്സിലേക്ക് കടന്നുവരുന്നവർക്ക് (ഇരിക്കാൻ ) നീ വിശാലത ചെയ്യുകയും അല്ലാഹുവിനെ സ്മരിക്കുകയും ചെയ്യുക . ഏറ്റവും കുറഞ്ഞത് സദസ്സ് പിരിയുമ്പോഴുള്ള പ്രാർത്ഥന നിർവഹിക്കുക. അത് ഇപ്രകാരമാണ്.

سُبْحـانَكَ اللّهُـمَّ وَبِحَمدِك، أَشْهَـدُ أَنْ لا إِلهَ إِلاّ أَنْتَ
أَسْتَغْفِرُكَ وَأَتوبُ إِلَيْك

(അല്ലാഹുവേ! നീ എത്രയധികം പരിശുദ്ധാൻ! നിന്നെ ഞാൻ അത്യധികം സ്തുതിക്കുകയും നിനക്ക് ഞാൻ നന്ദികാണിക്കുകയും ചെയ്യുന്നു! യഥാർത്ഥത്തിൽ നീ അല്ലാതെ ആരാധന (പ്രാർത്ഥന, ബലി അറവ്, നേർച്ച...)ക്ക് അർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എനിക്ക് പൊറുത്തു തരുവാൻ നിന്നോട് ഞാൻ തേടുകയും, നിന്റെ (ഇസ്‌ലാമിക) മാർഗത്തിലേക്ക് ഞാൻ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു.)

**التّاسع** : أعطِ الطّريق حقّه، فَغُضَّ بصرك، وكُفَّ الأذى
وردُّ السّلام، وأمر بالمعروف، وانه عن المنكر.

**ഒമ്പത്** : വഴികളോടുള്ള ബാധ്യത നീ നിറവേറ്റുകയും നിന്റെ ദൃഷ്ടികൾ താഴ്ത്തുകയും വഴിയിലെ ഉപദ്രവങ്ങൾ നീക്കുകയും ചെയ്യുക (വഴി മര്യാദകൾ പാലിക്കുക ). സലാം മടക്കുക നന്മ കൽപ്പിക്കുകയും തിന്മ വിലക്കുകയും ചെയ്യുക.

**العاشر** : اِلبس الجميل من الثِّياب، وأفضلها الأبيض، ولا يجاوِز كَعْبَيْك سفلًا، وابدأ بيمينك لُبسًا، وبشمالك خلعًا.

**പത്ത്** :വസ്ത്രങ്ങളിൽ ഭംഗിയുളളത് നീ ധരിക്കുക. ഏറ്റവും ശ്രേഷ്ഠമായത് വെള്ള വസ്ത്രമാണ്. നെരിയാണിക്ക് താഴെ നിന്റെ വസ്ത്രം വലിച്ചിഴക്കരുത്. വസ്ത്രം ധരിക്കുമ്പോൾ വലതിനെ മുന്തിക്കുക. അത് അഴിക്കുന്ന വേളയിൽ ഇടതിനേയും മുന്തിക്കുക.

**تمت بحمد الله**